പോലീസു കയ്യേറ്റം

*൩.(൪) ശ്രീ. കെ. കെ. കണ്ണൻ:താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) ആലുവാ ഫാക്ട കമ്പനിയിലെ പണിമുടക്കിനോടനുബന്ധിച്ച് കമ്പനിപ്പടിക്കൽ പിക്കറ്റു ചെയ്തുകൊണ്ടിരുന്ന സ്ത്രീതൊഴിലാളികളെ പോലീസ് കയ്യേറ്റം ചെയ്യുകയും ലാഡിലേയ്ക്ക് വലിച്ചിഴച്ച് പരുക്കേല്പിക്കുകയും ചെയ്തുവെന്ന പത്ര റിപ്പോർട്ടുകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടി എടുത്തു ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) ഉണ്ട്. എക്സ്പ്രസ്സ്, കേരളം എന്നീ രണ്ടു പത്രങ്ങളിൽ റിപ്പോർട്ടുണ്ടായിരുന്നു.

(ബി) അതേപ്പറ്റി അന്വേഷിച്ചതിൽ അവ വാസ്തവമല്ലെന്നുകണ്ടു. അതുകൊണ്ട് മേൽ നടപടി എടുത്തില്ല.

ശ്രീ. സി. സി. പ്രസാദ്: എടുക്കണമെന്നുദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: ഉദ്ദേശിക്കുന്നില്ല. അതിന്റെ ആവശ്യവുമില്ല.

ശ്രീ. സുബ്രഹ്മണ്യൻ തോപ്പിൽ: സർ, ഒരു പായിൻറ് ഓഫ് ഓർഡർ. ഒരു ഷാർട്ട് നോട്ടീസ് ക്വസ്റ്റ്യൻ അയച്ചിട്ടുള്ള ആളിനല്ലാതെ മറെറാരാൾക്ക് ചോദിക്കുവാൻ അവകാശമുണ്ടോ ?

Mr. Speaker: Short notice questions are treated as other questions except in respect of the period of notice required. Mr. Prasad was therefore permitted to put the question.

ശ്രീ. കെ. ആർ. ഇലങ്കത്ത്: തൊഴിലാളി സ്ത്രീകളുമായി ഇടപെടുവാൻ അവിടെ സ്ത്രീപോലീസിനെ ഏർപ്പെടുത്തിയിട്ടുണ്ടോ ?

ശ്രീ. ടി. കെ. നാരായണപിള്ള: അതേപ്പറ്റി എനിക്ക് ഇപ്പോൾ നിശ്ചയമില്ല.

ശ്രീ. സി. സി. പ്രസാദ്: അപ്പോൾ സ്ത്രീകളെ തല്ലിയതു ശരിയാണെന്നാണോ ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം ?

ശ്രീ. ടി. കെ. നാരായണപിള്ള: തല്ലിയില്ല എന്നാണ് ഞാൻ പറഞ്ഞതു്.

ROMAN CATHOLIC CHURCH

†*7 (6) **Sri. A. Gabriel Nadar:** Will the Hon'ble the Chief Minister be pleased to state.—

(*a*) whether Government are aware of a consecrated image being removed and sacred relics desecrated in a Roman Catholic Church in Thoppu near Vempannoor in Neendakara pakuthi of Agasteeswaram taluk on 29th October 1950 or on near dates ;

(*b*) whether any complaint has been received from the people of the locality in regard to this matter ; and

* The question was allowed to be put by Sri. C. C. Prasad, as the questioner was not present.

†The question was allowed to be put by Sri. Elias (Mary Antony) as the questioner was not present.

LIBRARY ARCHIVES Kerala Legislative Assembly